**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷനിലെ താത്കാലിക ക്വാളിറ്റി ചെക്കിങ് ജീവനക്കാരുടെ സേവന കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷന്റെ ഭാഗമായി ജലഗുണനിലവാരം ഉറപ്പ് വരുത്തുന്ന ക്വാളിറ്റി ചെക്കിങ്ങിന് നിയോഗിക്കപ്പെട്ട താത്കാലിക ജീവനക്കാരുടെ സേവന കാലാവധി സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | NABL മാനദണ്ഡപ്രകാരം രണ്ട് വർഷത്തേക്കാണ് ഓഡിറ്റിങ് കാലാവധി ഈ ലാബുകൾക്ക് നൽകിയിരിക്കുന്നത്. അതനുസരിച്ച് എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്, വാക്ക്-ഇൻ-ഇന്റർവ്യൂ പ്രകാരം ഒരു വർഷത്തേക്കാണ് ഈ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(അച്ചടി) നമ്പർ.56/2017/ധന തിയതി. 28/04/2017 പ്രകാരം ഈ വിഭാഗം ജീവനക്കാർ തൃപ്തികരമായി കാലാവധി പൂർത്തീകരിച്ചാൽ, നിയമന അധികാരിക്ക് ഒരു വർഷം കൂടി സേവനം ദീർഘിപ്പിച്ച് നൽകാൻ സാധിക്കും. പ്രസ്തുത ഉത്തരവ് പ്രകാരവും NABL ആവശ്യപ്രകാരവും ഇത്തരത്തിൽ നിയമിച്ച താത്കാലിക ജീവനക്കാർക്ക് ഒരു വർഷം കൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ താല്കാലികമായി നിയമിക്കപ്പെട്ട് പരിശീലനം നേടിയവർ ചുരുങ്ങിയ കാലത്തെ സേവനകാലാവധിക്കുള്ളിൽ പിരിഞ്ഞുപോകേണ്ടിവരുന്നത് ഗുണനിലവാര പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാവാത്ത സാഹചര്യം ഉണ്ടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കാമോ; | (ബി) | നിയമനം നടത്തുമ്പോൾ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകാറുണ്ട്. ഇതിലൂടെ ഗുണനിലവാര പരിശോധനയെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |
| (സി) | താത്കാലികമായി നിയമിതരാകുന്നവർക്ക് നല്കുന്ന പരിശീലന ചെലവിന്റെ ആവർത്തനം ഒഴിവാക്കുന്നതിനും, നിലവാരപരിശോധനയും ഓഡിറ്റിങ്ങും സമയബന്ധിതമായി നടപ്പാക്കുന്നതിനും പ്രസ്തുത ജീവനക്കാരുടെ നിയമന കാലാവധി ജലജീവൻ മിഷന്റെ പൂർത്തീകരണത്തിന് നിശ്ചയിച്ചിരിക്കുന്ന 2024 മാർച്ച് 31 വരെയെങ്കിലും വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഇതു സംബന്ധിച്ച ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ